ആയൂർവേദ മസാജ് പാർലറുകളിൽ ജോലി ചെയ്യുന്നവരുടെ യോഗ്യത ഉറപ്പുവരുത്താൻ നടപടി

20 [*104] ശ്രീ. കെ. എ. ചന്ദ്രൻ:
„ ടി. യു. രാധാകൃഷ്ണൻ:
„ എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയൂർവേദ ടൂറിസത്തിന്റെ സാദ്ധ്യതകളും പ്രയോജനങ്ങളും സ്വായത്തമാക്കുവാൻ ഏതെല്ലാം വിദേശ രാജ്യങ്ങളിൽ നിന്നും ടൂറിസ്റ്റുകൾ സംസ്ഥാനത്തെത്താറുണ്ട്;

(ബി) ഇത്തരം ടൂറിസ്റ്റുകൾ കബളിപ്പിക്കപ്പെടാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകൾ എടുത്തിട്ടുണ്ട്;

(സി) ആയൂർവേദ സംബന്ധമായ ഉഴിച്ചിലും തിരുമ്മലും ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ പാർലറുകളിൽ യോഗ്യതയുള്ളവർ ജോലി ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നത് എപ്രകാരമാണ് എന്ന് വ്യക്തമാക്കുമോ?

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) കേരളത്തിലെത്തുന്ന വിദേശ ടൂറിസ്റ്റുകളിൽ ഭൂരിഭാഗവും ഇംഗ്ലണ്ട്, ഫ്രാൻസ്, യു. എസ്. എ., മാലദ്വീപ്സ്, ജർമ്മനി, ഇറ്റലി, ആസ്ട്രേലിയ, നെതർ ലാന്റ്, ജപ്പാൻ, ശ്രീലങ്ക, സ്പെയിൻ, കാനഡ, ഇസ്രായേൽ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ളവരാണ്. ഇവയിൽ ഭൂരിഭാഗം പേരും ആയൂർവേദ ടൂറിസത്തിന്റെ സാദ്ധ്യതകളും പ്രയോജനങ്ങളും സ്വായത്തമാക്കാറുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

(ബി) നിർദ്ദിഷ്ട യോഗ്യതകളുള്ള ആയൂർവേദ സെന്ററുകൾക്ക് അംഗീകാരം നൽകുന്ന ഒരു പദ്ധതി ടൂറിസം വകുപ്പിൽ നിലവിലുണ്ട്. സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രീൻ ലീഫ്, ഒലീവ് ലീഫ് എന്നീ തരംതിരിവും ഉണ്ട്. അംഗീകാരം നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ടൂറിസം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും, ബ്രോഷറുകളിലും ലഭ്യമാണ്. ടൂറിസം വകുപ്പിന്റെ പരിധിയിൽ നിന്നുകൊണ്ട് മേൽ വിവരിച്ച സൗകര്യങ്ങൾ ടൂറിസ്റ്റുകൾ കബളിപ്പിക്കപ്പെടാതിരിക്കുവാൻ ഒരുക്കിയിട്ടുണ്ട്.

(സി) ടൂറിസം വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുള്ള ആയൂർവേദ സെന്ററുകളിൽ നിർദ്ദിഷ്ട യോഗ്യതയുള്ളവരാണ് ജോലി ചെയ്യുന്നത്. അംഗീകാരം നൽകുന്നതിനു മുമ്പുതന്നെ ടൂറിസം ഡയറക്ടർ, ആയൂർവേദ കോളേജിലെ കായ ചികിൽസാ വിഭാഗം പ്രൊഫസർ, കോട്ടയ്ക്കൽ ആര്യ വൈദ്യശാല പ്രതിനിധി മുതലായവർ അടങ്ങുന്ന വിദഗ്ദ്ധ സമിതി പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. ആയൂർവേദ സെന്ററുകളിൽ ഉഴിച്ചിലും തിരുമ്മലും വകുപ്പിന്റെ ഗ്രീൻ ലീഫ്, ഒലീവ് ലീഫ് നൽകിയിട്ടുള്ള സെന്ററുകളിൽ ലഭ്യമാണ്. ഇതിനുപുറമെ ആരോഗ്യവകുപ്പ് പുതിയതായി 6-1-2006-ൽ 2006-ലെ കേരള ആയൂർവേദ ആരോഗ്യ കേന്ദ്രങ്ങൾ (ലൈസൻസ് നൽകലും നിയന്ത്രിക്കലും) ഓർഡിനൻസ് പുറത്തിറക്കിയിട്ടുണ്ട്. അതുപ്രകാരം നിർദ്ദിഷ്ട യോഗ്യതയുള്ളവർ മാത്രമേ ഇത്തരം

LIBRARY ARCHIVES Kerala Legislative Assembly

ജോലിയിൽ ഏർപ്പെടാനാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നവർക്കെതിരെ ശിക്ഷയും ഉറപ്പാക്കിയിട്ടുണ്ട്.

ദേവസ്വം ബോർഡിലെ നിയമന ചട്ടങ്ങളിൽ മാറ്റം വരുത്താൻ നടപടി

21 [*105] ശ്രീ. എം. പ്രകാശൻ മാസ്റ്റർ:
„ ടി. കെ. ദേവകുമാർ:
„ വി. കെ. ചന്ദ്രൻ:
„ കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിൽ നിയമനങ്ങൾ നടത്തുന്നത് സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നിയമനങ്ങൾ ഒരു സ്വതന്ത്ര ഏജൻസിക്ക് വിടുന്നതിനും പിന്നോക്ക പട്ടിക വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തുന്നതിനും ഉദ്ദേശമുണ്ടോ;

(സി) ദേവസ്വം ബോർഡിലെ നിയമനങ്ങൾ സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; പരാതിയുടെ സ്വഭാവം വിശദമാക്കുമോ; പരാതികളിൻമേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ & ബി) പരിഗണനയിലില്ല.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമനങ്ങൾ നടത്തുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്.

ഖാദിത്തൊഴിലാളി ക്ഷേമനിധി പദ്ധതി

22 [*106] ശ്രീ. എൻ. രാജൻ:
„ പി. നാരായണൻ:
„ പിരപ്പൻകോട് മുരളി:
„ പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദിത്തൊഴിലാളി ക്ഷേമനിധി പദ്ധതിയെക്കുറിച്ചുള്ള പഠനസമിതി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly